بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 01/07/2016

## (25 RAMADAN 1437 HIJRI)

## Hazrat Khalifathullah Munir Ahmad Azim (A)

### THE NIGHT OF DESTINY : MEANING AND CONDITIONS / ദൈവകല്പിത രാത്രി : അർത്ഥവും വ്യവസ്ഥകളും

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം ദൈവകല്പിത രാത്രി, അർത്ഥവും വ്യവസ്ഥകളും എന്ന വിഷയത്തിലേക്ക് പ്രവേശിച്ചു. ലൈലത്തുൽ ഖദ്ർ( ദൈവ കല്പിത രാത്രി) നെപ്പറ്റി പ്രതിപാദിക്കുന്നത് വിശുദ്ധ ഖുർആനിൽ സൂറഃഅൽഖദ്റിലാണ്. **"നാം (ഖുർ ആൻ) അവതരിപ്പിച്ചത് ദൈവകല്പിത രാത്രിയിലാണ്."** (97:2) ഞാൻ കഴിഞ്ഞ ആഴ്ച നിങ്ങളോട് പറഞ്ഞതു പോലെ, ആ രാത്രി, പരിശുദ്ധ ഖുർആന്റെ പ്രഖ്യാപനപ്രകാരം, ആയിരം മാസത്തെക്കാൾ അനുഗ്രഹദായക മാണ്. റമദാന്റെ അവസാനത്തെ പത്തിലെ ഒറ്റ രാത്രികളിലാണ്, ആ രാത്രിയുള്ളത്. അന്ന് മലക്കുകളും, വെളിപാടുകളുടെ മലക്കും ഇറങ്ങുന്നതാണ്. അല്ലാഹുവിൽ നിന്നുള്ള സമാധാനവും രക്ഷയും വ്യാവിപ്പി ക്കുന്നതിനായി. പ്രഭാതോദയംവരെ അത് തുടരുന്നതാണ്. ഈ ദൈവീക അനുഗ്രഹം രാത്രിയിലുടനീളം നില നിൽക്കുന്നതാണ്. ദൈവത്തിന്റെ നിഷ്കളങ്കമായ ആരാധകരിൽ അത് വ്യാവിപ്പിക്കുന്നതാണ്. കഴിഞ്ഞുപോയ തെറ്റുകുറ്റങ്ങളിൽ പശ്ചാത്താപമനസ്ഥിതിയുള്ളവരായിരിക്കും അവർ. ചോദ്യം ഇതാണ് ? എന്തുകൊണ്ട് രാത്രിയിൽ ? എന്തുകൊണ്ട് പകൽ ഇല്ല ? അല്ലാഹു (ത) വ്യക്തമായും പ്രസ്താവിക്കുന്നു. അവന്റെ അനു ഗ്രഹങ്ങളും അവന്റെ മലക്കുകളുടെ ഇറങ്ങലും അത്തരത്തിലുള്ള ഒരു രാത്രിയിലാണ് ഉണ്ടാവുക എന്ന ! പ്രാർത്ഥനയുമായി ബന്ധപ്പെട്ട് നിൽക്കുന്ന ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം, രാവ്, പൊതുവിൽ സമാധാനത്തിന്റെ ഉറവിടമാണ്. അത് ദുർഗ്രാഹ്യവും അത്ഭുതാവഹവുമായ ഒരു ഉറവിടം തന്നെയാണ്. ഒരു **ഖുദ്സിയായ ഹദീസിൽ പറയുന്നു. (അല്ലാഹുവിന്റെ ദൂതന്റെ വായിലൂടെ വന്ന ദൈവീക വെളിപാടായി പറയ പ്പെടുന്നു) രാവിന്റെ രണ്ടാം യാമത്തിൽ, അല്ലാഹു ആകാശത്തിന്റെ ഏറ്റവും താഴ്ന്ന ഭാഗത്തേക്ക് വരുകയും അവന്റെ നിഷ്കളങ്കരായ ആരാധകർ പാപമോചനത്തിനായി പ്രാർത്ഥിക്കുന്നുണ്ടോ എന്ന് അന്വേഷിക്കുകയും, അവർക്ക് അവൻ പൊറുത്തു കൊടുക്കുകയും ചെയ്യുന്നതാണ്.**

അല്ലാഹുവിൽ നിന്നുള്ള ഒരു രഹസ്യമായി, ദൈവകല്പിതരാവിനെ സൂക്ഷിച്ചിരിക്കുകയാണ്. ആയിരം മാസത്തെ അചഞ്ചലമായ അനുഗ്രഹങ്ങൾ സ്വീകരിക്കുവാൻ ആശയറ്റു കേഴുന്നവരാരെന്നറിയാൻ ! മഹോ ന്നതനായ ദൈവത്തിൽ ആത്മാർത്ഥ വിശ്വാസമുള്ള വിശ്വാസികൾക്കെല്ലാം പ്രയോജനം ലഭിക്കണമെന്ന ഉദ്ദേ ശ്യത്തോടെയുള്ള ഒരു പ്രത്യേക രാവാണത്! അവർ സ്വമേധയാ അവരുടെ കിടക്കവിട്ട് എഴുന്നേറ്റ് പ്രാർത്ഥന യ്ക്കായി കുനിയുന്നവരാണവർ. ലൈലത്തുൽ ഖദ്ർ രാവ് എന്നാണെന്ന് വെളിപ്പെടുത്തപ്പെട്ടതാണ്, എന്നാൽ അതിനുശേഷം പ്രവാചകൻ (സ) യുടെ മനസ്സിൽ നിന്നും പൂർണ്ണമായും ആ തീയതി തുടച്ചുമാറ്റപ്പെടുകയാ ണുണ്ടായത് ! ഇത്തരം ഒരു രാവിന്റെ യഥാർത്ഥ തീയതി അറിയുകയാണെങ്കിൽ, പ്രാർത്ഥനയെ അവഗണി ക്കുന്നവർക്ക് പരാജയഫലമായിരിക്കും ഉണ്ടാവുക. ലൈലത്തുൽ ഖദ്റിന്റെ യഥാർത്ഥ തീയതി അറിഞ്ഞാൽ, അവർ സന്തോഷത്തോടെ ആ രാത്രിയിൽ പ്രാർത്ഥനയ്ക്കായി ഉറക്കമുണർന്നിരിക്കും. കാരണം ആ ഒരു രാത്രിയിൽ മാത്രം പ്രാർത്ഥിച്ചാൽ മതിയല്ലോ, ആയിരം മാസത്തെ പ്രതിഫലത്തിന് ! വർഷത്തിന്റെ ബാക്കി ദിവസങ്ങളിൽ ദൈവസ്മരണ അവഗണിക്കുകയും ചെയ്യാം. ലൈലത്തുൽ ഖദ്ർ ഓരോ മുസ്ലീം വ്യക്തിക്കും വേറിട്ട അനുഭവം തന്നെയാണ്. (അല്ലാഹുവിന് സർവ്വവും സമർപ്പിക്കുന്നവർക്ക്) ഓരോ വ്യക്തിയും സ്വീകരി ക്കുന്നത് ഒരു പ്രത്യേക രീതിയിലുള്ള ലൈലത്തുൽ ഖദ്റാണ്. ആ നിലയിൽ അല്ലാഹു അവരെ അനുഗ്രഹി ക്കുവാൻ ആഗ്രഹിക്കുന്നു, അവന്റെ ഔദാര്യങ്ങൾ നൽകുവാൻ തുനിയുന്നു, സർവ്വോപരി ആ രാത്രിയെ അനുഗ്രഹങ്ങളാൽ തേജസ്സുറ്റതാക്കുന്നു.

നിഷ്കളങ്ക വിശ്വാസികൾ, റമദാനിലെ അവസാനത്തെ പത്തിൽ, മറ്റെല്ലാ ജോലികളും ഉപേക്ഷിച്ച്, പ്രാർത്ഥനയ്ക്കായി മാത്രം ചെലവഴിക്കുന്നു. അങ്ങനെ അവന്, സൗഭാഗ്യത്തിന്റെയും മഹത്വത്തിന്റെയും, അത്തരം ഒരു രാത്രിയ്ക്ക് സാക്ഷിയാകുവാൻ അവന് സാധിക്കുന്നു. സന്തോഷപ്രദമായ അത്തരം ഒരു രാത്രിയെ കണ്ടെത്തുന്നതിൽ വിജയിക്കുന്നവർ ആരാണോ, അവർ ഭാഗ്യവാന്മാർ തന്നെ, കാരണം ലൈലത്തുൽ ഖദ്റിൽ കഴിഞ്ഞ വർഷത്തെ എല്ലാ പാപങ്ങളും, ദൗർബല്യങ്ങളും അവന് മാപ്പാക്കുന്നതാണ് എന്ന വാഗ്ദാനമാണുള്ളത്. നിഷ്കളങ്ക വിശ്വാസികൾക്ക് ജീവിതത്തിലുടനീളം, അല്ലാഹുവിന്റെ കാരുണ്യവർഷമുണ്ടാകുന്നതാണ്, അല്ലാഹുവിനോടുള്ള ഉത്തരവാദിത്വങ്ങളിൽ നിന്ന് അവൻ വഴുതി പോകാത്തിടത്തോളം കാലം, വിശ്വസ്തനും സത്യവാനുമായി നിലനിൽക്കുന്നിടത്തോളം.

ദൈവസ്മരണയ്ക്കായി പള്ളിയിലേക്കോ വീടിന്റെ ഒരു മൂലയിലേക്കോ മാറി, ധാരാളം പ്രാർത്ഥനകൾ ചെയ്യുകയും, ആയിരം മാസത്തിന്റെ വാഗ്ദത്ത പ്രതിഫലത്തിനായി, നിസ്സാരമായി, പ്രസ്തുത പ്രതിഫലം നേടാൻ കഴിയുന്നതാണ്, എന്ന് പറഞ്ഞാൽ അത് തീർച്ചയായും അധികപ്പറ്റാണ്. അവർക്കത് പറയാം, എന്നാൽ വസ്തുത ഇതാണ്. അല്ലാഹു (ത) ചില വ്യവസ്ഥകൾ മുന്നോട്ട് വച്ചിട്ടുണ്ട്, അത് ഞാൻ നേരത്തെ സൂചിപ്പിച്ചിട്ടുള്ളതാണ്. വർഷത്തിലുടനീളം പ്രാർത്ഥനയും, സത് പ്രവർത്തികളും അവഗണിക്കുന്നവരായാലും, അവർ, ആ രാത്രി മാത്രം ഉണർന്നിരുന്ന് പ്രാർത്ഥിച്ചാൽ പാപമോചനം ലഭ്യമാകും എന്ന് ചിന്തിക്കുന്നത്, അല്ലാഹു (ത) കൽപ്പിച്ചതിനും വാഗ്ദാനം ചെയ്തതിനും എതിരാണ്. ഒരു രാത്രിക്ക് വേണ്ടി മാത്രം അവനത് ചെയ്താൽ, പെരുനാൾ ആഘോഷങ്ങൾക്കു ശേഷം അവന്റെ ആത്മീയ അധപതനത്തിലേക്ക് മടങ്ങിപ്പോയാൽ, അപ്പോൾ, ഈ രാത്രിയിലെ പ്രാർത്ഥനയിലൂടെ അവന് മാപ്പ് ലഭിക്കുന്നതാണ് എന്ന വാഗ്ദാനം നിലനിൽക്കുന്നതല്ല. മാപ്പ് ലഭിക്കുവാനുള്ള ഒരു അടിത്തറയും അവനിലില്ല. കാരണം അവൻ അല്ലാഹുവുമായി ചെയ്ത ഉടമ്പടിയെ മാനിക്കുന്നില്ല. അത് യഥാർത്ഥ വിശ്വാസികൾ മാത്രം തങ്ങളുടെ സൃഷ്ടാവുമായി പാലിക്കുന്ന ഉടമ്പടിയാണ്.

ലൈലത്തുൽ ഖദ്റിന്റെ പ്രാധാന്യവും അതിന്റെ ആത്മീയ സൗന്ദര്യവും നിലനിർത്തുന്നത്, ആ രാവിനെ പ്രയോജനപ്പെടുത്തുവാൻ, ആസ്വദിക്കുവാൻ കഴിയുന്നവർ മാത്രമാണ്. തന്റെ സൃഷ്ടാവിന് വേണ്ടി തന്റെ ജീവിതം ഹോമിക്കുവാൻ തയ്യാർ ഉള്ളവർക്കാണത്. ഇത്തരം വ്യക്തികളിൽ, അല്ലാഹുവിന്റെ മാലാഖമാർ ഇറങ്ങുന്നു. അവരെ പ്രകാശിപ്പിക്കുന്നതിനായി, തന്റെ രക്ഷിതാവിൽ നിന്നുള്ള ആത്മീയ ഉൾക്കാഴ്ച കൊണ്ട് ! ദർശനങ്ങളുടെയും സ്വപ്നങ്ങളുടെയും രൂപത്തിൽ വെളിപാടുകൾ ഇറങ്ങുന്നു. അത് അല്ലാഹുവിൽ നിന്ന് ഉത്ഭവിക്കുന്നതാണ്, അവൻ അനന്തനായ കാരുണ്യവാനാണ്. അതവന്റെ നിഷ്കളങ്ക ഭക്തർക്ക് സമ്മാനിക്കുന്നു. ദൈവമാർഗ്ഗത്തിലുള്ള അവരുടെ ത്യാഗം വർഷത്തിലുടനീളമോ അല്ലെങ്കിൽ വ്രതാനുഷ്ഠാനമാസത്തിലോ ആകട്ടെ, അതവൻ സ്വീകരിക്കുന്നു. അല്ലാഹു (ത) അവനെ മാത്രം ആരാധിക്കുന്നവർക്ക് നൽകിയിരിക്കുന്ന ഉറപ്പ് **"അറിയുക അല്ലാഹുവിന്റെ വാഗ്ദാനം തീർച്ചയായും സത്യമാകുന്നു."** (10:56)

ആയതിനാൽ, അല്ലാഹുവിനെ തന്നെ, നമുക്ക് പ്രതിഫലമായി ലഭിക്കത്തക്ക നിലയിൽ, അല്ലാഹു നമുക്കായി നൽകിയിരിക്കുന്ന ഈ പരിശുദ്ധ സന്ദർഭത്തെ, നാം ഓരോരുത്തരും പിടിച്ചടക്കേണ്ടതാണ്. കാരണം നമ്മുടെ രക്ഷിതാവിനെക്കാൾ വലിയ പ്രതിഫലം മറ്റൊന്നില്ല; അവൻ യശസ്സിന്റെയും മഹത്വത്തിന്റെയും ഉടമസ്ഥനാണ്. അല്ലാഹു (ത) നമ്മുടെ മേൽ കരുണ ചൊരിയട്ടെ ! അവന്റെ അനുഗ്രഹങ്ങളാൽ നമ്മെ സമ്പന്നമാക്കട്ടെ ! നമ്മുടെ അതിക്രമങ്ങളിൽ അവൻ മാപ്പ് ചെയ്യട്ടെ ! ആമീൻ.

Translated & Issued By

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*